LIBRARY ARCHIVES Kerala Legislative Assembly

വിധവകൾക്ക് കേന്ദ്ര സഹായം

28 [966] ശ്രീ. തോമസ് ഉണ്ണിയാടൻ :
.. സ്റ്റീഫൻ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50,000 വിധവകൾക്ക് 10,000 രൂപ വച്ച് സഹായം നൽകുന്ന പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) ദേശീയ കുടുംബ ക്ഷേമ പദ്ധതിയിൽ രജിസ്റ്റർ ചെയ്യാൻ കാലതാമസം വന്നവർക്ക് ഈ കാലതാമസം മാപ്പാക്കിക്കൊടുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(ഡി) എങ്കിൽ വിശദാംശം ലഭ്യമാക്കാമോ ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര ഗവൺമെന്റിന്റെ ദേശീയ സാമൂഹ്യ സഹായ പദ്ധതിയുടെ ഭാഗമായ ദേശീയ കുടുംബ ക്ഷേമ പദ്ധതി പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബത്തിൽ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരണപ്പെട്ടാൽ അവകാശിക്ക് 10,000 രൂപ ഒരു പ്രാവശ്യം ധനസഹായമായി നൽകുന്ന പദ്ധതി നിലവിലുണ്ട്. ടി കുടുംബത്തിന്റെ വാർഷിക വരുമാനം 11,000 രൂപയ്ക്ക് താഴെയായിരിക്കണം. ഈ ധനസഹായം ലഭിക്കുന്നവരിൽ ഭൂരിഭാഗം പേരും വിധവകളാണ്. പ്രസ്തുത ക്ഷേമ പദ്ധതി ജില്ലാ കളക്ടർമാർ നേരിട്ടാണ് നടപ്പിലാക്കി വരുന്നത്.

(ബി) ബാധകമല്ല.

(സി & ഡി) ദേശീയ കുടുംബ ക്ഷേമ പദ്ധതി പ്രകാരമുള്ള ആനുകൂല്യം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിലെ കാലതാമസം വന്നവരും ടി ആനുകൂല്യത്തിന് അർഹരായവരുമായ എല്ലാവരിൽ നിന്നും കാലപരിധി കൂടാതെ അപേക്ഷ സ്വീകരിക്കണമെന്ന് 19-12-2005-ലെ 106078/ജി1/2005/ആർഡി. കത്ത് പ്രകാരം സർക്കാരിൽ നിന്നും നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ പുനർനാമകരണം

29 [967] ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളുടേയും കുട്ടികളുടേയും ക്ഷേമ പ്രവർത്തനങ്ങളും അംഗവൈകല്യം സംഭവിച്ചവർക്കുള്ള ക്ഷേമ പ്രവർത്തനങ്ങളും ഏകോപിപ്പിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിലേക്ക് നിലവിലുള്ള ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യൽ വെൽഫെയർ വകുപ്പിന്റെ പേര് അനുയോജ്യമായ രീതിയിൽ പുനർനാമകരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തിൽ വനിതകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമ പ്രവർത്തനങ്ങൾ സർക്കാർതലത്തിൽ ഇപ്പോൾ ഏകോപിപ്പിച്ച് തന്നെയാണ് നടത്തുന്നത്.

(ബി) സാമൂഹ്യക്ഷേമ വകുപ്പിന്റെ പേര് മാറ്റുന്ന കാര്യം തൽക്കാലം സർക്കാരിന്റെ പരിഗണനയിലില്ല.

അംഗൻവാടിയിലെ ഒഴിവുകൾ നികത്താൻ നടപടി

30 [968] ശ്രീ. എ. സി. മൊയ്തീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി വർക്കർമാരുടെയും ഹെൽപ്പർമാരുടെയും ഒഴിവുകളിലേക്ക് നിയമനം നടത്തുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ എന്തു സംവിധാനമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(ബി) ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇപ്പോഴും നികത്താതെ കിടക്കുന്ന ഒഴിവുകൾ എത്രയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) പ്രോജക്ടടിസ്ഥാനത്തിൽ ജില്ലാ കളക്ടർ ചെയർമാനായി സർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി തയ്യാറാക്കുന്ന സെലക്ട് ലിസ്റ്റിൽ നിന്നും ബന്ധപ്പെട്ട ഐ.സി.ഡി.എസ് പ്രോജക്ടുകളിൽ ചൈൽഡ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർ അംഗൻവാടി പ്രവർത്തകരെ നിയോഗിക്കുന്നു. സെലക്ട് ലിസ്റ്റ് നിലവിലില്ലാത്ത പ്രോജക്ടുകളിൽ പദ്ധതി നിർവ്വഹണം തടസ്സപ്പെടാതിരിക്കുന്നതിന് വേണ്ടി അംഗൻവാടി പ്രവർത്തകരെ താൽക്കാലികമായി സി.ഡി.പി.ഒ.-മാർ നിയോഗിക്കാറുണ്ട്.

(ബി) സെലക്ട് ലിസ്റ്റ് നിലവിലുള്ള പ്രോജക്ടുകളിൽ ടി ലിസ്റ്റിൽ നിന്നുമാണ് ഒഴിവുകൾ നികത്താറുള്ളത്. ലിസ്റ്റിന്റെ അഭാവത്തിൽ താൽക്കാലികമായി പ്രവർത്തകരെ സി.ഡി.പി.ഒ.-മാർ നിയോഗിക്കുന്നതുവഴിയും ഒഴിവുകൾ നികത്താറുണ്ട്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

അംഗൻവാടി ഹെൽപ്പർ നിയമനം

31 [969] ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംഗൻവാടി മേലയിൽ ഹെൽപ്പർ, വർക്കർ ആയി 2 വർഷം വരെ തുടർച്ചയായി ജോലി ചെയ്തവരെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള സർക്കാർ ഉത്തരവ് യു.ഡി.എഫ്. സർക്കാർ അധികാരമേറ്റെടുത്തശേഷം റദ്ദ് ചെയ്യുകയുണ്ടായോ ;

(ബി) എങ്കിൽ റദ്ദ് ചെയ്യാൻ എന്തായിരുന്നു കാരണമെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly